| 2 | B.Com (Co-operation) | 40 | 08 | 22 | 70 |

| | | | | | |
|---|---|---|---|---|---|
| 3 | BA English | 30 | 06 | 24 | 60 |

27.C.K.NAIR ARTS AND MANAGEMENT COLLEGE, KANHANGAD

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com (Co-op) | 40 | 08 | 07 | 55 |
| 2 | B.Com (Finance) | 40 | 08 | 07 | 55 |
| 3 | BA English | 30 | 06 | 09 | 45 |

28.GURUDEV ARTS& SCIENCE COLLEGE, MATHIL

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Sc Physics | 35 | 07 | 08 | 50 |
| 2 | B.Sc.Chemistry | 35 | 07 | 08 | 50 |
| 3 | B.Sc.Bio Chemistry | 25 | 05 | 10 | 40 |
| 4 | BCA | 25 | 05 | 10 | 40 |
| 5 | B Com Finance | 40 | 08 | 07 | 55 |
| 6 | B Com (co-operation) | 40 | 08 | 07 | 55 |
| 7 | BBA | 30 | 06 | 09 | 45 |
| 8 | BSW | 25 | 05 | 10 | 40 |
| 9 | BA English | 30 | 06 | 14 | 50 |
| 10 | M.Sc Chemistry | 15 | 03 | 07 | 25 |

29.SREE NARAYANA GURU COLLEGE OF ADVANCED STUDIES, THOTTADA, KANNUR

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B Com CA | 40 | 08 | 22 | 70 |
| 2 | B Sc Geology | 25 | 05 | 13 | 43 |
| 3 | BCA | 25 | 05 | 13 | 43 |

30.SA-ADIYA ARTS AND SCIENCE COLLEGE, KOLIYADUKKAM, KASARAGOD

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B Com (CA) | 40 | 08 | 22 | 70 |
| 2 | BBA | 30 | 06 | 34 | 70 |

| | | | | | |
|---|---|---|---|---|---|
| 3 | BA English | 40 | 08 | 22 | 70 |
| 4 | B.Sc Biotechnology | 35 | 05 | 30 | 70 |

31.AMSTECK ARTS & SCIENCE COLLEGE, KALLIASSERY, KANNUR

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.C.A | 25 | - | 25 | 50 |
| 2 | MA English | 15 | - | 15 | 30 |
| 3 | M Com | 15 | - | 15 | 30 |

32.DON BOSCO ARTS & SCIENCE COLLEGE, ANGADIKADAVU

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Sc Psychology | 25 | 05 | 06 | 36 |
| 2 | B Com Finance | 30 | 06 | 06 | 42 |
| 3 | BCA | 25 | 05 | 05 | 35 |
| 4 | BSW | 30 | 06 | 06 | 42 |
| 5 | M Com Finance | 20 | 04 | 04 | 28 |
| 6 | M.Sc Mathematics | 12 | 02 | 02 | 16 |
| 7 | M Sc Psychology | 15 | - | 05 | 20 |

33.PILATHARA CO-OPERATIVE ARTS & SCIENCE COLLEGE, PILATHARA

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com (CA) | 50 | 10 | 10 | 70 |
| 2 | B.Com (Co-op) | 40 | 08 | 22 | 70 |
| 3 | BBA | 40 | 08 | 22 | 70 |
| 4 | BBA(TTM) | 40 | 08 | 22 | 70 |
| 5 | B.Sc Physics | 25 | 05 | 10 | 40 |
| 6 | BCA | 40 | - | 16 | 56 |
| 7 | B.Sc Computer Science | 25 | 05 | 10 | 40 |
| 8 | M.Com (Finance) | 20 | 04 | 06 | 30 |

34.DARUL IRSHAD ARABIC COLLEGE, PARAL

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | MA Arabic | 10 | - | 20 | 30 |

35.DE PAUL ARTS & SCIENCE COLLEGE, EDATHOTTY

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com (Finance) | 40 | 08 | 22 | 70 |
| 2 | B.Com (CA) | 40 | 08 | 22 | 70 |
| 3 | BA English with Journalism | 30 | 06 | 24 | 60 |
| 4 | BCA | 25 | 05 | 20 | 50 |

36.CONCORD ARTS & SCIENCE, COLLEGE, MUTTANNUR

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com (Co-op) | 40 | 08 | 12 | 60 |
| 2 | B.Com (CA) | 30 | 06 | 24 | 60 |
| 3 | BBA | 30 | 06 | 24 | 60 |
| 4 | BCA | 25 | 05 | 20 | 50 |
| 5 | BA English | 25 | 05 | 30 | 60 |

37.MODEL COLLEGE, MADIKAI

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | BA English | 30 | 06 | 10 | 46 |
| 2 | B.Com (CA) | 40 | 08 | 10 | 58 |

38.SIR SYED INSTITUTE FOR TECHNICAL STUDIES, KARIMBAM

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com (CA) | 50 | 10 | 10 | 70 |
| 2 | BBA | 40 | - | 30 | 70 |
| 3 | B.Sc. Biochemistry | 25 | 05 | 18 | 48 |
| 4 | B.Sc. Biotechnology | 25 | 05 | 18 | 48 |

| | | | | | |
|---|---|---|---|---|---|
| 5 | B.Com Finance | 40 | 08 | 22 | 70 |
| 6 | BA English | 30 | 06 | 34 | 70 |
| 7 | BA Economics | 40 | 08 | 22 | 70 |
| 8 | B.Com (Marketing) | 40 | 08 | 22 | 70 |
| 9 | B.Com (Co-operation) | 50 | 10 | 10 | 70 |
| 10 | M Sc Microbiology | 20 | - | 05 | 25 |
| 11 | MSc Biotechnology | 20 | - | 05 | 25 |

39.KHANSA WOMEN'S COLLEGE, KUMBALA

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Sc Microbiology | 20 | 04 | 20 | 44 |
| 2 | B.Sc Biochemistry | 20 | 04 | 20 | 44 |
| 3 | BA English | 20 | 04 | 20 | 44 |
| 4 | B.Com (Co-op) | 40 | 08 | 20 | 68 |
| 5 | M.Com (Finance) | 15 | 03 | 05 | 23 |

40.MAHATMA GANDHI ARTS & SCIENCE COLLEGE, CHENDAYAD, PANOOR

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com CA | 60 | - | 05 | 65 |
| 2 | B.Sc Computer Science | 25 | - | 05 | 30 |

41.MM KNOWLEDGE ARTS & SCIENCE COLLEGE, KARAKUNDU

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com (CA) | 40 | - | 20 | 60 |
| 2 | B.Com (Finance) | 40 | 08 | 12 | 60 |
| 3 | BBA (TTM) | 40 | 08 | 12 | 60 |
| 4 | BTTM | 40 | - | 20 | 60 |
| 5 | BBA (Aviation & Hospitality) | 25 | 05 | 40 | 70 |

42.NAHER ARTS & SCIENCE COLLEGE, KANHIRODE

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B Com (CA) | 40 | 08 | 20 | 68 |
| 2 | BA English | 30 | 06 | 20 | 56 |

43.COLLEGE OF APPLIED SCIENCE, PATTUVAM

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | M Com Finance (not stabilized) | 15 | - | - | 15 |
| 2 | B.Com (CA) | 30 | 06 | 30 | 66 |

44.ADITYAKIRAN COLLEGE OF APPLIED SCIENCE, KUTTUR

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com (Co-op) | 30 | - | 40 | 70 |
| 2 | BBA | 50 | - | 20 | 70 |
| 3 | M Sc Mathematics | 20 | 04 | 01 | 25 |

45.NAVAJYOTHI COLLEGE, CHERUPUZHA, CHUNDA, KANNUR

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | BCA | 25 | - | 10 | 35 |

46.WADIHUDA INSTITUTE OF RESEARCH AND STUDIES,VILAYANCODE

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B Sc Psychology | 25 | 05 | 10 | 40 |
| 2 | BCA | 25 | 05 | 10 | 40 |
| 3 | M Sc Counselling Psychology | 20 | 04 | 01 | 25 |

47.SREE NARAYANA COLLEGE OF MANAGEMENT STUDIES, PERIYA

| Sl. No | Name of Course/ Programme | Sanctioned strength | Marginal Increase already sanctioned | Additional Increase sanctioned | Total |
|---|---|---|---|---|---|
| 1 | B.Com.Co-operation | 40 | 08 | 10 | 58 |
| 2 | B.Com.Computer Application | 40 | 08 | 10 | 58 |
| 3 | B.B.A.T.T.M. | 40 | 08 | 10 | 58 |
| 4 | B.A. Economics | 40 | 08 | 10 | 58 |
| 5 | B Sc Computer Science | 25 | 04 | 10 | 39 |
| 6 | B.A.English | 30 | 06 | 10 | 46 |

2021-22 അദ്ധ്യയന വർഷത്തെ യു.ജി, പി.ജി പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. നിലവിലുള്ള യു.ജി അപേക്ഷകരുടെ എണ്ണം 33656 ഉം പി.ജി അപേക്ഷകരുടെ എണ്ണം 7467 ഉം ആണ്.

6.21 കോളേജ് ആവശ്യപ്പെടാതെ തന്നെ മാർജിനൽ ഇൻക്രീസ് അനുവദിക്കുന്നത് കാരണം ക്ലാസ് റൂമുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ആയതിനാൽ ക്ലാസ് നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നുണ്ടെന്ന് ഡോ. വിജയൻ കെ അഭിപ്രായപ്പെട്ടു.

6.22 ഇതൊരു സ്ഥിരമായ സംവിധാനമല്ലെന്നും കോവിഡിന്റെ ഒരു പ്രത്യേക സാഹചര്യത്തിലാണ് നടപ്പിലാക്കിയതെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ ടി ചന്ദ്രമോഹനൻ മറുപടി പറഞ്ഞു.

6.23 കോളേജ് അപേക്ഷിച്ചതല്ലാതെ ഒരു കേസിലും മാർജിനൽ ഇൻക്രീസ് അനുവദിച്ചിട്ടില്ലെന്ന് ഡോ. ആർ കെ ബിജു വിന്റെ ഉപചോദ്യത്തിനുത്തരമായി സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ മറുപടി പറഞ്ഞു.

## II. Business brought forward by the Members of the Syndicate and the Vice-Chancellor.

6.24 ചോദ്യോത്തര വേളയ്ക്ക് ശേഷം സിൻഡിക്കേറ്റംഗം ശ്രീമതി. എൻ. സുകന്യ ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു.

6.25 സർവ്വകലാശാലയെയും ഉന്നത വിദ്യാഭ്യാസത്തെയും സംരക്ഷിക്കുക.

സർവ്വകലാശാലയെ സംരക്ഷിക്കാനെന്ന പേരിൽ ചിലർ സർവ്വകലാശാലക്കെതിരെ അപവാദങ്ങളും വസ്തുതാ വിരുദ്ധമായ വാർത്തകളും കഴിഞ്ഞ കുറച്ചു കാലമായി നിരന്തരമായി പ്രചരിപ്പിക്കുകയാണ്. സർവ്വകലാശാലയിലെ ഉന്നത സമിതികളിൽ അംഗങ്ങളായവർ തന്നെ ഇത്തരത്തിൽ വ്യാജ വാർത്തകൾ ചമച്ച് കോടതിയിൽ കേസുകളുമായി കയറി ഇറങ്ങുകയാണ്. നാക് അക്രഡിറ്റേഷൻ, ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘടന, വിസി നിയമനം, അദ്ധ്യാപക നിയമനം തുടങ്ങിയ വിഷയങ്ങളിൽ വസ്തുതാ വിരുദ്ധമായ സമീപനമാണ് ഇവർ

സ്വീകരിച്ചു വരുന്നത്. സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കാൻ വ്യാജവാർത്തകൾ പ്രചരിപ്പിച്ചു സമൂഹത്തിൽ തെറ്റിദ്ധാരണകൾ പരത്തുന്നവരുടെ സർവ്വകലാശാല വിരുദ്ധ അജണ്ടകളെ ശക്തമായി അപലപിക്കുന്നതോടൊപ്പം സർവ്വകലാശാലയുടെ അക്കാദമിക പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി ഒരുമിച്ചു നിൽക്കണമെന്നും പൊതു സമൂഹത്തോട് ഈ സെനറ്റുയോഗം ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.

6.26 പ്രമേയം ചട്ടവിരുദ്ധമാണെന്നും അംഗീകരിക്കാൻ പാടില്ലെന്നും പ്രമേയത്തിൽ ഉന്നയിച്ച വിഷയങ്ങൾ കോടതിയുടെ പരിഗണനയിലാണെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. സർവ്വകലാശാലയെ അപകീർത്തിപ്പെടുത്താൻ ചിലർ നടത്തുന്ന നീക്കത്തിനെതിരെയാണ് പ്രമേയമെന്നും അതിനാൽ ഈ പ്രമേയം അംഗീകരിക്കണമെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. പ്രമേയത്തിൽ ഉന്നയിച്ച വിഷയങ്ങൾ കോടതിയുടെ പരിഗണനയിലുള്ളതാണെന്നും നല്ല നിലയിൽ പ്രവർത്തിച്ചു വന്ന സർവ്വകലാശാലയിൽ അടുത്ത കാലത്തായി ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങൾ നടന്നു വരുന്നുവെന്നും അത് ചൂണ്ടിക്കാട്ടിയത് ജനാധിപത്യ സമൂഹത്തിലെ പൗരൻ എന്ന നിലയിലും ചില സമിതികളുടെ അംഗം എന്ന നിലയിലുമാണെന്നും പ്രമേയം അംഗീകരിക്കരുതെന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു.

6.27 നല്ല നിലയിൽ നടന്നു വരുന്ന സർവ്വകലാശാലയെ താറടിച്ചു കാണിക്കാനുള്ള ശ്രമമാണ് നടന്നുവരുന്നതെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു. പ്രമേയം ശരിയായ അർത്ഥത്തിലുള്ളതാണെന്ന് സർവ്വകലാശാല യൂണിയൻ ചെയർമാൻ അഡ്വ. എം.കെ. ഹസ്സൻ അഭിപ്രായപ്പെട്ടു. പ്രമേയം തികച്ചും അടിസ്ഥാന രഹിതമാണെന്ന് ശ്രീ. സതീശൻ പി.കെ അഭിപ്രായപ്പെട്ടു. തുടർന്ന് നടത്തിയ പരാമർശങ്ങൾ ബഹളത്തിൽ കലാശിച്ചു.

6.28 പ്രമേയത്തിൽ യാതൊരു തെറ്റുമില്ലെന്നും ചിലർ നടത്തുന്ന വാദങ്ങൾ സർവ്വകലാശാലയെ തകർക്കാനാണെന്നും പ്രമേയം പാസാക്കണമെന്നാണ് ജനപ്രതിനിധികളായ തങ്ങളുടെ ആഗ്രഹമെന്നും ശ്രീ. മാധവൻ മണിയറ അഭിപ്രായപ്പെട്ടു. സഭയിൽ ഭൂരിപക്ഷം ഉള്ളതിനാൽ പ്രമേയം പാസാക്കാമെന്നും പക്ഷെ അത് പ്രതിപക്ഷത്തിന്റെ ചർച്ചക്കുള്ള അവസരം നിഷേധിച്ചു കൊണ്ടായിരിക്കരുതെന്നും ശ്രീ. സതീശൻ പി.കെ ആവശ്യപ്പെട്ടു.

6.29 ബഹളം പിന്നെയും തുടർന്നപ്പോൾ ഈ വിഷയത്തിൽ ഇനിയും സംസാരിക്കേണ്ടവരുടെ പേരുകൾ നൽകാൻ ചെയർ ആവശ്യപ്പെട്ടു.

6.30 തുടർന്ന് സംസാരിച്ച അഡ്വ. പി. അപ്പുക്കുട്ടൻ സംസാരിക്കാൻ എല്ലാവർക്കും അവകാശമുണ്ടെന്നും അത് ചിലർ മാത്രം കയ്യടക്കുന്നത് ജനാധിപത്യ രീതിയല്ലെന്നും പറഞ്ഞു. സർവ്വകലാശാലയെയും അത് നേടിയിട്ടുള്ള പുരോഗതിയെയും ഇകഴ്ത്തിക്കാണിക്കാൻ ചിലർ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങൾക്കെതിരെയാണ് പ്രമേയമെന്നും അതിനാൽ ഈ പ്രമേയം ഏകകണ്ഠമായി അംഗീകരിക്കണമെന്നും അഭിപ്രായപ്പെട്ടു.

6.31 പ്രമേയം വസ്തുതാ വിരുദ്ധമാണെന്നും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണെന്നും അതിനാൽ എതിർക്കുന്നുവെന്നും ശ്രീ. ഷാനവാസ് എസ്. എം പറഞ്ഞു. ജനാധിപത്യ വ്യവസ്ഥിതിയിൽ എല്ലാവർക്കും രാഷ്ട്രീയം ഉണ്ടെന്നും

അതിനാൽ രാഷ്ട്രീയം ചർച്ച ചെയ്യരുതെന്ന് പറയുന്നതിൽ ധാർമ്മികതയില്ലെന്നും പ്രമേയം പാസാക്കണമെന്നും ഡോ. വിജയൻ കെ പറഞ്ഞു.

6.32 സർവ്വകലാശാലക്ക് തെറ്റുപറ്റുമ്പോൾ ചൂണ്ടിക്കാണിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്നും അത് നിർവ്വഹിക്കുകയാണ് ഈ പ്രമേയത്തെ ശക്തമായി എതിർക്കുന്നതിലൂടെ തങ്ങൾ ചെയ്യുന്നതെന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു. മുൻ വൈസ് ചാൻസിലർക്കെതിരെ ചില അംഗങ്ങൾ നടത്തിയ പരാമർശം അല്പ സമയം ബഹളത്തിനിടയാക്കി. പ്രമേയം അംഗീകരിക്കണമെന്ന് ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

6.33 സർവ്വകലാശാലയെ തകർക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് ഉദാഹരണമാണ് ഡോ. ഷിജുഖാനുമായി ബന്ധപ്പെട്ട വാർത്തകൾ വന്നത് എന്ന് യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ അഡ്വ. എം.കെ. ഹസ്സൻ പറഞ്ഞു. അദ്ദേഹം അദ്ധ്യാപക തസ്തികയ്ക്ക് ഒരു അപേക്ഷകൻ പോലുമായിരുന്നില്ല. സർവ്വകലാശാലയിലെ മാറ്റങ്ങൾ എല്ലാവരും അംഗീകരിക്കണം. വളരെ വിദ്യാർത്ഥി സൗഹൃദമായ നിലപാടാണ് വിസി സ്വീകരിക്കുന്നത് എന്നും അഡ്വ. എം.കെ ഹസ്സൻ പറഞ്ഞു. ആയതിനാൽ ഈ പ്രമേയത്തെ ശക്തമായി അനുകൂലിക്കുന്നുവെന്ന് അഡ്വ. എം.കെ ഹസ്സൻ പറഞ്ഞു.

6.34 സർവ്വകലാശാല ചട്ടത്തിലെ ചാപ്റ്റർ VI ലെ 3, 5, 7 പോയിന്റുകൾ പ്രകാരം പ്രമേയം ചട്ടപ്രകാരമല്ലെന്നും പ്രമേയത്തിൽ ഉന്നയിച്ച വിഷയങ്ങൾ കോടതിയുടെ പരിഗണനയിലുള്ളതാണെന്നും അതിനാൽ പ്രമേയം അംഗീകരിക്കരുതെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു. അംഗങ്ങൾ വ്യക്തിഹത്യ നടത്തുന്ന രീതിയിൽ പരാമർശങ്ങൾ നടത്തരുതെന്നും നടത്തിയാൽ അത് സെനറ്റ് രേഖകളിൽ ഉണ്ടാവരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

6.35 സർവ്വകലാശാലയെ തേജോവധം ചെയ്യാനുള്ള ശ്രമങ്ങൾ നാട്ടിൽ നടക്കുന്നുണ്ടെന്നും അതിനെ ചെറുക്കുന്നതിനു വേണ്ടിയുള്ള പ്രമേയം അംഗീകരിക്കണമെന്നും ശ്രീ. കെ. കെ. നാരായണൻ ആവശ്യപ്പെട്ടു. തുടർന്ന് സംസാരിച്ച ശ്രീമതി. ജമുനാറാണി ടീച്ചർ കണ്ണൂർ സർവ്വകലാശാല വികസനത്തിന്റെ പാതയിലാണെന്നും രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് അതിനെ തകർക്കാൻ ശ്രമിക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും പ്രമേയം പാസാക്കണമെന്നും ആവശ്യപ്പെട്ടു. സർവ്വകലാശാലയുടെ അന്തസ്സ് കാത്തു സൂക്ഷിക്കണമെന്ന അഭിപ്രായം തന്നെയാണ് തനിക്കുള്ളതെന്നും സർവ്വകലാശാല രംഗത്ത് രാഷ്ട്രീയം കുത്തിനിറച്ച് ജനങ്ങൾക്കിടയിൽ അവമതിപ്പുണ്ടാക്കുന്നതിനെയാണ് എതിർക്കുന്നത് എന്നും ശ്രീ. സതീശൻ പി കെ അഭിപ്രായപ്പെട്ടു. ആയതിനാൽ ഈ പ്രമേയം പിൻവലിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

6.36 സർവ്വകലാശാലയുടെ അന്തസ്സ് കാത്തു സൂക്ഷിക്കേണ്ടത് എല്ലാവരുടെയും ബാധ്യതയാണ്. സദുദ്ദേശ്യത്തോടെ കൊണ്ടു വന്ന പ്രമേയത്തോട് എന്തിനാണ് അംഗങ്ങൾ അസഹിഷ്ണുത കാണിക്കുന്നതെന്ന് ശ്രീ. മാധവൻ മണിയറ ചോദിച്ചു. സർവ്വകലാശാലയെ തകർക്കാനുള്ള ശ്രമങ്ങൾക്ക് സെനറ്റംഗങ്ങൾ കൂട്ടുനിൽക്കരുത്. പ്രമേയം പാസ്സാക്കണമെന്ന് ശ്രീ. മാധവൻ മണിയറ അഭിപ്രായപ്പെട്ടു. പ്രമേയത്തെ അനുകൂലിക്കുകയാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ വി പറഞ്ഞു. അക്കാദമിക്ക് എന്താണെന്നും രാഷ്ട്രീയം

എന്താണെന്നും നല്ല ബോധമുള്ളവർതന്നെയാണ് ഇത് അവതരിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അക്കാദമിക്സ് കൗൺസിലും, സെനറ്റും നല്ല രീതിയിൽ പുന:സംഘടിപ്പിച്ചു. 2016 ന് ശേഷം സർവ്വകലാശാലയിൽ ഉണ്ടായ മാറ്റങ്ങൾ കാണണം. നാക് ഗ്രേഡിംഗിൽ A യുടെ അടുത്തു വരെ എത്താൻ കഴിഞ്ഞു. സർവ്വകലാശാലയെ തകർക്കാൻ ശ്രമിക്കുന്നവർക്ക് എന്ത് Academic Contributions ആണ് പറയാനുള്ളതെന്ന് അദ്ദേഹം ചോദിച്ചു.

6.37 തുടർന്ന് പ്രമേയവതാരക സിൻഡിക്കേറ്റ് മെമ്പർ ശ്രീമതി. എൻ സുകന്യ സംസാരിച്ചു. പ്രമേയം അവതരിപ്പിക്കാനുണ്ടായ സാഹചര്യം ഇതിനകം നടന്ന ചർച്ചകളിൽ നിന്നു തന്നെ വ്യക്തമാണ്. സർവ്വകലാശാലയെ തകർക്കാൻ ചിലർ നടത്തുന്ന നീക്കങ്ങൾ അംഗീകരിക്കാൻ കഴിയില്ല. സർക്കാർ നടത്തുന്ന നല്ല കാര്യങ്ങൾക്ക് തുരങ്കം വെക്കാനുള്ള നീക്കമാണ് സേവ് യൂണിവേഴ്സിറ്റി ഫോറം നടത്തുന്നത്. ഇത് സർവ്വകലാശാലയെ സംരക്ഷിക്കാനല്ല. പൊതു വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളുടെ തുടർച്ചയായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായ നിലപാട് സർവ്വകലാശാലകൾ സ്വീകരിക്കുന്നു. ഇതാണ് രാഷ്ട്രീയ പ്രേരിതമായ നിലപാടെടുക്കുന്നതിൽ ചില ആളുകൾക്ക് അസഹിഷ്ണുത ഉണ്ടാക്കുന്നത്. നാക് ടീം ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിക്കേണ്ടതാണ്. ഗവേഷണ രംഗവും മെച്ചപ്പെടണം. ഇതാണ് സെനറ്റ് യോഗം ചർച്ച ചെയ്യേണ്ടത് എന്നും സിൻഡിക്കേറ്റ് മെമ്പർ ശ്രീമതി. എൻ സുകന്യ അഭിപ്രായപ്പെട്ടു. പ്രമേയം അംഗീകരിക്കണമെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീമതി. എൻ സുകന്യ പറഞ്ഞു.

6.38 തുടർന്ന് വോട്ടെടുപ്പിലൂടെ പ്രമേയം പാസാക്കി. ഇതിൽ പ്രതിഷേധിച്ചു കൊണ്ട് ഡോ. ആർ.കെ. ബിജു, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. സ്വരൂപ ആർ, ശ്രീ. ഷാനവാസ് എസ്.എം, ശ്രീമതി. ലത ഇ.എസ്, ശ്രീ. സതീശൻ പി.കെ എന്നിവർ തുടർന്നുള്ള യോഗം ബഹിഷ്കരിച്ചു.

## III. Business brought forward by the members of the Senate.

Resolution No.1

Smt. LATHA E.S

**പ്രമേയം** – Of late, the Selection Panel for the promotion/placement of teachers includes teachers from other far off Universities and colleges. Through this resolution, it may be resolved to include teachers, from the Kannur University jurisdiction, in the Section Panel.

6.39 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.2

Dr. VIJAYAN K moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾ വിവിധങ്ങളായ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. വിദ്യാർത്ഥികളുടെ

സമയത്തിന്റെ നല്ലൊരു ഭാഗവും ഓഫീസ് നടപടികൾ നടത്തികിട്ടുന്നതിനു വേണ്ടി നഷ്ടപ്പെടുകയാണ്. സർവ്വകലാശാലയിലെ ഗവേഷകവിഭാഗം ഗവേഷക സൗഹൃദമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.40 ശ്രീ. ജയകൃഷ്ണൻ ടി വി പ്രമേയത്തെ പിന്താങ്ങി.

6.41 പ്രമേയത്തിന്റെ അന്തസത്ത ഉൾക്കൊള്ളുന്നുവെന്നും ചെറിയ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടു പോകുമെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ പറഞ്ഞു. ചർച്ചയിൽ ഇടപെട്ട് സംസാരിച്ച മുൻ റിസർച്ച് ഡയറക്ടർ കൂടിയായ രജിസ്ട്രാർ, ഡോ. ജോബി കെ ജോസ് വൈസ് ചാൻസിലർ വന്നതിനു ശേഷം ഒരു പാട് ഗുണപരമായ മാറ്റങ്ങൾ ഗവേഷണ രംഗത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടെ ന്ന് പറഞ്ഞു. പാനൽ തരാൻ വൈകുന്നതും തരുന്ന പാനലിൽ defect ഉണ്ടാവുന്നതും thesis valuation ന് അയക്കാൻ വൈകുന്നതിന്റെ കാരണങ്ങളാണ്. ഒരു മാസത്തിനുള്ളിൽ Submit ചെയ്ത thesis എല്ലാം valuation ന് അയച്ചു. ഡോ. മഞ്ജുള കെ വി ചർച്ചയിൽ പങ്കെടുത്തു. CRLP കമ്മിറ്റി ഗവേഷകരുമായും ഗൈഡുകളുമായും ഒരു interaction നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും ഈ വിഷയം അവിടെ ചർച്ച ചെയ്യാമെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ ടി ചന്ദ്രമോഹനൻ പറഞ്ഞു.

6.42 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.3

Dr. SWARUPA R

**പ്രമേയം** – സർവ്വകലാശാല പരീക്ഷാ സംബന്ധമായ ജോലികൾക്ക് നൽകുന്ന വേതനം ശമ്പളമായാണ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത്. കേരള സർവ്വീസ് റൂൾ 47 ലെ GD നമ്പർ 1 പ്രകാരം അദ്ധ്യാപകർക്ക് നൽകുന്ന വേതനം ഫീ ഇനത്തിലാണ് കാണിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നു. ആയതിനാൽ മേൽപറഞ്ഞ ജോലികൾക്ക് നല്കുന്ന വേതനം സാലറിക്ക് പകരം ഫീ എന്ന് ആക്കി മാറ്റണം എന്നും അത് ഏത് പ്രവർത്തിയുടെ വേതനമാണ് എന്ന് ക്രെഡിറ്റ് ചെയ്യുന്ന സമയത്ത് വ്യക്തമാക്കണം എന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.43 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.4

Sri. SAJU P J moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാല സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കാലം വരെ എത്തിയിട്ടും സർവ്വകലാശാല പരീക്ഷാ വിഭാഗത്തിൽ സമഗ്രമായ സോഫ്റ്റ് വെയർ സംവിധാനം ഇനിയും ഉണ്ടായിട്ടില്ല. വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റുകൾ എന്നിവ സോഫ്റ്റ് വെയർ വഴി പ്രിന്റ് ചെയ്തു കൊടുക്കുന്നുണ്ടെങ്കിലും ഇതിനായി ഡാറ്റാ എൻട്രി അസിസ്റ്റന്റിന്റെ സേവനം ആവശ്യമാണ്. ടാബുലേഷൻ രജിസ്റ്റർ ഇപ്പോഴും പ്രിന്റ് ചെയ്ത് സൂക്ഷിക്കുന്നു. പരീക്ഷാ വിഭാഗത്തിലെ വിവിധ തലത്തിലുള്ളവർക്ക് ഉപയോഗിക്കാവുന്ന വിധത്തിലുള്ള സോഫ്റ്റ് വെയർ ഇപ്പോഴും ഇല്ല എന്നതാണ് വാസ്തവം. ഓരോ ആവശ്യങ്ങൾ

ക്കും കമ്പ്യൂട്ടർ സെല്ലിലേക്ക് നോട്ട് തയ്യാറാക്കി നൽകേണ്ട അവസ്ഥയാണ്. ഇത് ജീവനക്കാർക്ക് മാത്രമല്ല വിദ്യാർത്ഥികൾക്കും വലിയ വിഷമം ഉണ്ടാക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ലോഗിൻ സംവിധാനം ഇല്ലാത്തതി നാൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യാൻ പറ്റാത്ത സപ്ലിമെന്ററി/ഇമ്പ്രൂവ്മെന്റ് പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുകയും പിന്നീട് ക്യാൻസൽ ചെയ്യേണ്ടിവരുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. ദൈനംദിന ജോലികളിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ ഇടപെടേണ്ട അവസ്ഥയായ തിനാൽ സോഫ്റ്റ് വെയർ വികസനത്തിന് മതിയായ ശ്രദ്ധകൊടുക്കാൻ ഇവർക്ക് ആവുന്നില്ല. സർവ്വകലാശാല കാര്യക്ഷമമായ എം.ഐ.എസ്, ഇ.ആർ.പി. സോഫ്റ്റ് വെയറുകൾ നടപ്പാക്കണം എന്ന് ഈയിടെ സർവ്വകലാശാല സന്ദർശിച്ച നാക് പിയർ ടീമിന്റെ റിപ്പോർട്ടിൽ ഉണ്ട്.

മേൽ കാര്യങ്ങൾ പരിഗണിച്ച് സർവ്വകലാശാലയിൽ പ്രത്യേകിച്ച് പരീക്ഷാ വിഭാഗത്തിൽ സമഗ്രമായ സോഫ്റ്റ് വെയർ സംവിധാനം സത്വരമായി നടപ്പാക്കണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.44 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

6.45 സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വലിയ മാറ്റങ്ങൾ ആണ് വൈസ് ചാൻസിലറും സിൻഡിക്കേറ്റും വിഭാവനം ചെയ്യുന്നത്. Online Question Bank ലേക്ക് പോവുകയാണ്. Digitisation on screen evaluation തുടങ്ങിയവയും സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ് എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ പറഞ്ഞു.

6.46 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.5

Dr. ISMAIL OLAYIKKARA moved the resolution

**പ്രമേയം** – 2016 ന് ശേഷമുള്ള കാലയളവിൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സർവ്വകലാശാല വികസന കാര്യങ്ങളിൽ നേതൃപരമായ ഉത്തരവാദിത്തം ഏറ്റെടുത്ത് 2.19 B ഗ്രേഡിൽ നിന്ന് 2.85 $B^{++}$ ഗ്രേഡ് നേടാൻ പങ്കുവഹിച്ച സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരെയും സിൻഡിക്കേറ്റിനെയും ഈ പ്രമേയത്തിലൂടെ അനുമോദിക്കുന്നു.

6.47 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

6.48 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.6

Sri. SHANAVAS S.M

**പ്രമേയം** – കണ്ണൂർ യൂണിവേഴ്സിറ്റിയിൽ കോമേഴ്സ് പഠന വകുപ്പ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.49 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.7

Dr. MANJULA K.V moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാല മൂല്യ നിർണ്ണയ ക്യാമ്പിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് മൂല്യനിർണ്ണയം നടത്തുന്നതിൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു. മാർക്ക് എൻട്രി സമയത്തും വേണ്ടത്ര സ്റ്റാഫില്ലാത്തതി നാൽ വലിയ തിരക്കും അനുഭവപ്പെടുന്നു. മൂല്യ നിർണ്ണയത്തിന്റെ ബുദ്ധിമുട്ടുകൾ പരിഹരിച്ചു കൊണ്ട് സ്ഥലസൗകര്യങ്ങൾ ഒരുക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. പരീക്ഷയും മൂല്യനിർണ്ണയവും ഒരുമിച്ചു നടക്കുന്നതും അദ്ധ്യാപക ക്ഷാമത്തിന് വഴിയൊരുക്കുന്നുണ്ട്.

6.50 ഡോ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

6.51 പ്രമേയത്തിന്റ അവസാനവരി ഭേദഗതി ചെയ്യണമെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു.

6.52 തുടർന്ന് പ്രമേയം സഭ അംഗീകരിച്ചു.

Resolution No.8

Dr. SURESH KUMAR K S moved the resolution

**പ്രമേയം** – കോവിഡ് വ്യാപനത്തോടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കുടുംബങ്ങളിൽ നിന്നുള്ള ധാരാളം വിദ്യാർത്ഥികൾ സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലുണ്ട്. ഈ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പ്രാദേശിക തലത്തിൽ പൊതുഫണ്ട് സമാഹരിച്ച് വിതരണം ചെയ്യാനുള്ള പദ്ധതി കൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കോളേജുകൾക്ക് നിർദ്ദേശം നൽകുന്നതിന് സർവ്വകലാശാല നേതൃപരമായ ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.53 ഡോ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

6.54 ഒരു ഫണ്ട് സമാഹരണത്തിന് സർവ്വകലാശാലയ്ക്ക് കഴിയുമോ എന്നതിൽ സംശയമുണ്ടെന്ന് ശ്രീമതി. എൻ സുകന്യ പറഞ്ഞു. കോളേജ് തലത്തിൽ ഇങ്ങനെ ചെയ്യാവുന്നതാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു.

6.55 തുടർന്ന് പ്രമേയം സഭ അംഗീകരിച്ചു.

Resolution No.9

Sri. SATHEESHAN P.K.

**പ്രമേയം** – കണ്ണൂർ സർവ്വകലാശാല സെനറ്റ് അംഗങ്ങളുടെ സിറ്റിങ്ങ് ഫീ നിലവിൽ വളരെ പരിമിതമായതിനാൽ, സിറ്റിങ്ങ് ഫീ വർദ്ധിപ്പിക്കണമെന്നും സിറ്റിങ്ങ് ഫീ ലഭിക്കുന്നതിന് പഴയ രീതിയിലുള്ള ഫോറം ഒഴിവാക്കി വൗച്ചർ സമ്പ്രദായത്തിലൂടെ അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക അനുവദിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.56 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.10

Dr. R K BIJU

**പ്രമേയം** – അതതു വർഷങ്ങളിൽ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് തന്നെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇഷ്ടപ്പെട്ട കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കണമെന്ന ഉദ്ദേശത്തോടുകൂടി കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശമിരിക്കെ സർവ്വകലാശാല മാർജിനൽ ഇൻക്രീസിനു ഓരോ കോഴ്സിനും വലിയ ഫീസ് ഈടാക്കുന്ന നടപടി പിൻവലിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.57 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.11

Dr. SURESH KUMAR K S moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാലയ്ക്കെതിരെ തുടർച്ചയായി മാധ്യമങ്ങളിൽ വ്യാജ വാർത്തകൾ നൽകി തെറ്റിദ്ധാരണകൾ പരത്തുകയും സർവ്വകലാശാല ക്കെതിരെ കുപ്രചാരണം നടത്തുകയും ചെയ്യുന്ന ദുഷ്പ്രവണത വർദ്ധിച്ചതായി കാണുന്നു. സർവ്വകലാശാലയെ അപകീർത്തിപ്പെടുത്താനും തമസ്കരിക്കാനും തത്പര കക്ഷികൾ നടത്തുന്ന നീക്കങ്ങളെ ഈ പ്രമേയത്തിലൂടെ ശക്തിയായി അപലപിക്കുന്നു.

6.58 പ്രമേയത്തിന്റെ ഉള്ളടക്കം ഔദ്യോഗിക പ്രമേയം വഴി അവതരിപ്പിച്ചിട്ടുണ്ട്. അതിനാൽ ഈ പ്രമേയം പിൻവലിക്കുകയാണെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു.

Resolution No.12

Smt. SONA P moved the resolution

**പ്രമേയം** – ആറാം സെമസ്റ്റർ യു.ജി. പരീക്ഷയുടെ പുനർ മൂല്യനിർണയ ഫലങ്ങൾ വന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ വിജയ ശതമാനത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ടാവുമല്ലോ. പുതിയ വിജയ ശതമാനം വ്യക്തമാക്കുന്ന ഫലങ്ങൾ പുന:പ്രസിദ്ധീകരിക്കണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.59 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

6.60 സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ ചർച്ചയിൽ പങ്കെടുത്തു.

6.61 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.13

Sri. SAJU P J moved the resolution

**പ്രമേയം** – സർവ്വകലാശാല താവക്കര ക്യാമ്പസിൽ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറിയിൽ കൂടുതൽ പഠന വകുപ്പുകൾ മറ്റു ക്യാമ്പസുകളിൽ നിന്നും മാറ്റി വിന്യസിക്കുക.

കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് 2018 ൽ തന്നെ പാലയാട് ക്യാമ്പസിലുള്ള എം.ബി.എ. കോഴ്സ് താവക്കരയിലെ സെൻട്രൽ ലൈബ്രറി കെട്ടിടത്തിലേക്ക് മാറ്റാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇതുവരെ പ്രാവർത്തിക മാക്കിയിട്ടില്ല.

സർവ്വകലാശാല സെൻട്രൽ ലൈബ്രറിയിൽ നിലവിലുള്ള മികച്ച സൗകര്യം വിദ്യാർത്ഥികൾക്ക് പഠനത്തിനായി പ്രയോജനപ്പെടുത്തുന്ന രീതിയിൽ മറ്റു ക്യാമ്പസുകളിൽ നിന്നും കൂടുതൽ കോഴ്സുകൾ താവക്കര ക്യാമ്പസിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.62 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി

6.63 ഡോ. വിജയൻ കെ, സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

6.64 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.14

Smt. LATHA E.S

**പ്രമേയം** – The results of the revaluation of various semesters are declared very late. Through this resolution, I pray that the results of the revaluation be releases within a fixed period.

6.65 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.15

Dr. MANJULA K.V moved the resolution

**പ്രമേയം** – നമ്മുടെ ഭരണ ഭാഷ മലയാളം ആയിരിക്കെ കണ്ണൂർ സർവ്വകലാശാല യിൽ കത്തിടപാടുകൾക്കും മറ്റു പ്രധാന ഔദ്യോഗിക കാര്യങ്ങൾക്കും ഇംഗ്ലീഷ് ഭാഷ തന്നെയാണ് ഉപയോഗിക്കുന്നത്. പരമാവധി മേഖലകളിൽ ഭരണ ഭാഷയായ മലയാളം ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.66 ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്താങ്ങി.

6.67 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.16

Dr. MANJULA K.V moved the resolution

**പ്രമേയം** – കണ്ണൂർ കെ.എം.എം. ഗവ. വനിതാ കോളേജിൽ നിലവിൽ മലയാളം, ഹിന്ദി, അറബിക് ഭാഷകൾ ആണ് സെക്കന്റ് ലാഗ്വേജ് ആയി യു.ജി. വിദ്യാർത്ഥി കൾക്ക് തെരഞ്ഞെടുക്കാൻ സാധിക്കുന്നത്. ധാരാളം വിദ്യാർത്ഥികൾ സംസ്കൃതം രണ്ടാം ഭാഷയായി പഠിക്കാൻ താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്. സംസ്കൃതം സെക്കന്റ് ലാഗ്വേജ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.68 അഡ്വ. എം.കെ ഹസ്സൻ പ്രമേയത്തെ പിന്താങ്ങി.

6.69 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.17

Dr. ISMAIL OLAYIKKARA moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാലയുടെ പരിധിയിലുള്ള എയ്ഡഡ് കോളേജുകളിലെ സ്ക്രീനിങ് കമ്മിറ്റിയിൽ അടുത്തകാലത്തായി കേരളത്തിന് പുറത്തു നിന്നുള്ള വിഷയ വിദഗ്ദ്ധരുടെ പേരുകൾ കൂടുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് അദ്ധ്യാപകരുടെ പ്രമോഷൻ സമയബന്ധിതമായി നടത്തുന്നതിന് പലതരം തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കഴിവതും കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ പരിധിയിൽ നിന്നുള്ള വിഷയ വിദഗ്ദ്ധരെ സ്ക്രീനിങ് കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.70 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

6.71 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.18

Dr. R K BIJU

**പ്രമേയം** – ബിരുദ, ബിരുദാനന്തര കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നതിന് മുൻപ് തന്നെ പ്രസ്തുത കോഴ്സുകളുടെ സിലബസ് തയ്യാറാക്കുകയും വിദ്യാർത്ഥികൾക്ക് പരിശോധിക്കത്തക്ക വിധത്തിൽ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.72 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.19

Dr. R K BIJU

**പ്രമേയം** – മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ സ്വീകരിച്ചതിന് ശേഷം കേവലം 4 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ഷോർട് ലിസ്റ്റ് തയ്യാറാക്കുകയും ഇന്റർവ്യൂ നടത്തുകയും ചെയ്ത രീതിയെ കുറിച്ചും, ഷോർട്ട് ലിസ്റ്റിനെ കുറിച്ചും ആക്ഷേപങ്ങളും പരാതികളും ഉയരുകയുണ്ടായി. റാങ്ക് ലിസ്റ്റ് സിൻഡിക്കേറ്റ് അംഗീകരിക്കുന്നതിനു മുൻപ് തന്നെ പുറത്തു വരുന്ന സാഹചര്യം കൂടി ഉണ്ടായിരുന്നു. ആയതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റ് ക്യാൻസൽ ചെയ്യണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.73 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.20

Dr. SHANOJ M P moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാലയുടെ 25 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതു സമൂഹത്തിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ സമാഹരിക്കാനും സർവ്വകലാശാല പ്രവർത്തനങ്ങളെ കൂടുതൽ ജനകീയവൽക്കരിക്കാനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.74 ഡോ. ഷനോജ് എം.പി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. സോന പി പ്രമേയം അവതരിപ്പിച്ചു.

6.75 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

6.76 സഭ പ്രമേയം അംഗീകരിച്ചു.

Resolution No.21

Sri. SATHEESHAN P.K.

**പ്രമേയം** – കണ്ണൂർ സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജിലെ ജീവനക്കാർ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചു വരികയാണ്. സർവ്വകലാശാല വിദ്യാർത്ഥികളുടെ നോമിനൽ റോൾ തയ്യാറാക്കുമ്പോൾ തന്നെ അതാത് ദിവസത്തെ ചോദ്യപ്പേപ്പറിന്റെ പേരും പരീക്ഷ നടക്കുന്ന തീയ്യതിയും വിദ്യാർത്ഥികളുടെ നോമിനൽ റോളിന് നേരെ ചേർത്താൽ ജീവനക്കാർക്ക് സീറ്റിങ്ങ് പ്ലാൻ തയ്യാറാക്കുവാനും പരീക്ഷാ നടത്തിപ്പ് സുഖമമാക്കുവാനും സാധിക്കും. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ക്രമീകരിക്കുന്നത് കംപ്യൂട്ടർ സംവിധാനമാകയാൽ പഴയ രീതി ഒഴിവാക്കി ആധുനിക രീതിയിലേക്ക് കൊണ്ടുവരണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.77 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.22

Sri. SATHEESHAN P.K.

**പ്രമേയം** – കണ്ണൂർ സർവ്വകലാശാലയിൽ ഉൾപ്പെടെയുള്ള ഗവ. എയ്ഡഡ് കോളേജുകളിലെ യു.ജി. കോഴ്സിന് ആർട്സ് & സയൻസ് വിഷയങ്ങളിൽ ട്യൂഷൻ ഫീസ് ഇനത്തിൽ 1050 രൂപ വാങ്ങുമ്പോൾ കംപ്യൂട്ടർ സയൻസ് വിഷയത്തിൽ മാത്രം ട്യൂഷൻ ഫീസിനത്തിൽ 3150 രൂപ സർക്കാർ നിശ്ചയിച്ചിരിക്കുകയാണ്. ഇത് വിദ്യാർത്ഥികളുടെ ഇടയിൽ ഫീസ് ഇനത്തിൽ വളരെയേറെ അന്തരം സൃഷ്ടിക്കുകയാണ്. ആയതിനാൽ മറ്റ് വിഷയക്കാരുടെ ട്യൂഷൻ ഫീസ് ഇനമായ 1050 രൂപ കംപ്യൂട്ടർ സയൻസ് വിഷയത്തിലും ക്രമപ്പെടുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.78 പ്രമേയാവതാരകൻ തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.23

Smt. SONA P moved the resolution

**പ്രമേയം** – സർവ്വകലാശാല കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച പ്രൈവറ്റ് രജിസ്ട്രേഷന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. എത്രയും പെട്ടെന്ന് നടത്താനുള്ള പരീക്ഷകൾ പൂർത്തീകരിച്ച് വിദ്യാർത്ഥി സൗഹൃദപരമായി പ്രൈവറ്റ് രജിസ്ട്രേഷൻ സംബന്ധിച്ച തുടർനടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.79 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

6.80 പ്രൈവറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പട്ട ഒരു കാര്യവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അഡ്വ. എം കെ ഹസ്സൻ പറഞ്ഞു. ഇക്കാര്യം നേരത്തെ അറിയിച്ചിരുന്നുവെങ്കിലും കാര്യങ്ങൾ നടന്നില്ല. ഇതുകൂടി പ്രമേയത്തിന്റെ ഭാഗമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

6.81 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.24

Smt. LATHA E.S

**പ്രമേയം** – The papers with regard to the Promotion/Placement of teachers forwarded for approval are not disposed in time. An unnecessary delay is being caused. Hence the Senate may resolve to set a fixed time limit for the disposal of such files in the interest of the teachers.

6.82 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.25

Dr. SHANOJ M P moved the resolution

**പ്രമേയം** – ചില സെൽഫ് ഫിനാൻസിങ്ങ് കോളേജുകളിലെ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച ക്രമക്കേടുകൾ തുടർച്ചയായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പരീക്ഷാ നടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.83 ഡോ. ഷനോജ് എം.പി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. സോന പി പ്രമേയം അവതരിപ്പിച്ചു.

6.84 ഡോ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

6.85 ഇക്കാര്യം യൂണിവേഴ്സിറ്റിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വൈസ് ചാൻസിലർ ചോദിച്ചു. അത്തരം ഒരു വിഷയം പരീക്ഷാ സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ല. പരീക്ഷയുടെ സുതാര്യത നിലനിർത്താനാണ് സ്ക്വാഡ് സംമ്പ്രദായം കൊണ്ടുവന്നത്. കമ്മിറ്റിയുടെ മുമ്പാകെ വിഷയം വന്നാൽ അത് പരിഗണിച്ച് നടപടി ഉണ്ടാവുമെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ അറിയച്ചു. ക്രമക്കേട് കണ്ടെത്തിയിട്ട് നടപടി റിപ്പോർട്ട് ചെയ്യാത്ത അംഗത്തിനെതിരെ നടപടി എടുക്കണമെന്ന് ശ്രീ. എം പി എ റഹീം പറഞ്ഞു. ഇത് ഒരു സീരിയസ് വിഷയമാണെന്നും സെനറ്റംഗമായത് കൊണ്ട് ഡോ. എം.പി ഷനോജിന് പ്രമേയം അവതരിപ്പിക്കാൻ കഴിയില്ലെന്ന് പറയാനാവില്ല എന്നും ഡോ. ഇസ്മായിൽ ഓലായിക്കര അഭിപ്രായപ്പെട്ടു. എല്ലാ സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെയും കാര്യമല്ല പറയുന്നത്, പക്ഷെ ചില കോളേജുകളിലെങ്കിലും ഇങ്ങനെ നടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സെൽഫ് ഫിനാൻസിംങ് കോളേജുകളുടെ നിലനിൽപ്പ് തന്നെ വിജയ ശതമാനത്തിലാണെന്നും ഇതിന് പരിഹാരമായി അഡീഷണൽ ചീഫ് മാരെ എല്ലാ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും നിയമിച്ച് പരീക്ഷ കുറ്റമറ്റതാക്കണം എന്നും ഡോ. വിജയൻ കെ അഭിപ്രായപ്പെട്ടു.

6.86 എല്ലാ അഫിലിയേറ്റഡ് കോളേജുകളെയും ഒരേ രീതിയിൽ കാണുന്ന സമ്പ്രദായമാണ് നിലവിലുള്ളതെന്ന് ഡോ. കെ.ടി ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. അഡീഷണൽ ചീഫ് സൂപ്രണ്ട് മാരെ നേരത്തെ നിയമിച്ചിട്ടുണ്ടെന്നും പക്ഷെ അത് അവരുടെ കോളേജിലെ ജോലിയെ ബാധിക്കുന്ന പ്രശ്നമുണ്ടെന്നും അത്തരം പരാതികൾ വരികയും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പരീക്ഷ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തലാണ് സ്ക്വാഡിന്റെ ജോലി.

കൂടുതൽ നടപടികൾ ആവശ്യമാണെങ്കിൽ അത് പരിഗണിക്കാമെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ പറഞ്ഞു.

6.87 പ്രമേയം തള്ളിക്കളയുന്നില്ലെന്നും അടുത്ത യോഗത്തിൽ പരിഗണിക്കാമെന്നും വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

Resolution No.26

Dr. JAYAKRISHNAN T V moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാല സ്പോട്ട് അഡ്മിഷൻ (യു.ജി) യുമായി ബന്ധപ്പെട്ട് അനേകം സങ്കീർണ്ണതകൾ അഭിമുഖീകരിക്കേണ്ടി വന്നു. ഓപ്ഷൻ നൽകാത്ത വിദ്യാർത്ഥികൾ പോലും ലിസ്റ്റിൽ വന്നു. പെർമെനന്റ് അഡ്മിഷൻ ലഭിച്ച പല വിദ്യാർത്ഥികളും വീണ്ടും ലിസ്റ്റിൽ വന്നത് ആശങ്കയ്ക്കിടനൽകി. ഇത്തരം സങ്കീർണ്ണതകൾ തുടർ വർഷങ്ങളിൽ വരാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.88 ഡോ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

6.89 ഈ വിഷയം സാങ്കേതികമാണെന്നും അത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അടുത്ത വർഷം അതിന് പരിഹാരം കാണുമെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ പറഞ്ഞു.

6.90 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.27

Dr. M SINI moved the resolution

**പ്രമേയം** – കണ്ണൂർ യൂണിവേഴ്സിറ്റി HRDC നടത്തുന്ന Online orientation/ Refresher/ Faculty Development Programme എന്നിവ Career Advancement Scheme പ്രകാരം പ്രമോഷന് അംഗീകരിക്കുമോ എന്ന് അദ്ധ്യാപകർക്കിടയിൽ ആശങ്ക നിലനിൽക്കുന്നതിനാൽ ഇത് ദൂരീകരിക്കുന്നതിനായി സർവ്വകലാശാല ഉത്തരവ് ഇറക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.91 പ്രമേയം പിൻവലിച്ചു.

Resolution No.28

Dr. VIJAYAN K moved the resolution

**പ്രമേയം** – കണ്ണൂർ സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ച മഞ്ചേശ്വരം ക്യാമ്പസിൽ തദ്ദേശീയരായ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ഡിപ്ലോമ കോഴ്സുകൾ ഉൾപ്പെടെ കൂടുതൽ കോഴ്സുകൾ ആരംഭിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.92 അഡ്വ. പി. അപ്പുക്കുട്ടൻ പ്രമേയത്തെ പിന്താങ്ങി.

6.93 മഞ്ചേശ്വരം ക്യാമ്പസ് ഉദ്ഘാടനത്തിന് സെനറ്റ് മെമ്പർമാർക്ക് ഒരു ക്ഷണവും ലഭിച്ചിട്ടില്ലെന്നു മാത്രമല്ല അത് അറിയിക്കുകയും ചെയ്തിട്ടില്ല. ഇതിലുള്ള പ്രതിഷേധം അറിയിക്കുന്നുവെന്നും പ്രമേയവതാരകൻ പറഞ്ഞു. ഡോ. സുരേഷ് കുമാർ കെ.എസ് ചർച്ചയിൽ പങ്കെടുത്തു. സെനറ്റിന്റെ ഭാഗമായുള്ള 6 കമ്മിറ്റികൾ രൂപീകരിച്ചെങ്കിലും ഒരു യോഗം പോലും വിളിച്ചില്ലെന്ന് അദ്ദേഹം

പറഞ്ഞു. കമ്മിറ്റിയുടെ കാലാവധി 2 വർഷമാണ്. 3 കമ്മിറ്റികൾ ഇതിനകം വിളിച്ചുചേർത്തിട്ടുണ്ടെന്ന് വൈസ് ചാൻസിലർ യോഗത്തെ അറിയിച്ചു. സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ, ശ്രീ. മാധവൻ മണിയറ, ശ്രീ. എം പി എ റഹീം എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

6.94 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.29

Sri. SAJU P J moved the resolution

**പ്രമേയം** – നാക് പീർ ടീമിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു Task force രൂപീകരിക്കുക.

2021 ഒക്ടോബർ 7 മുതൽ 9 വരെ നാക് പീർ ടീം Cycle II അക്രഡിറ്റേഷന്റെ ഭാഗമായി കണ്ണൂർ സർവ്വകലാശാലയിൽ സന്ദർശനം നടത്തുകയും തുടർന്ന് സർവ്വകലാശാലക്ക് $B^{++}$ ഗ്രേഡ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ക്യാമ്പസുകളിൽ പഠന വകുപ്പുകളെ വിഷയാനുസൃതമായി ഒരു ക്യാമ്പസിലേക്ക് ഏകീകരിക്കുക, ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജി ആരംഭിക്കുക തുടങ്ങിയ 9 ഓളം നിർദ്ദേശങ്ങൾ നാക് പീർ ടീം നൽകിയ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങൾ / ശുപാർശകൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.95 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

6.96 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.30

Dr. SWARUPA R

**പ്രമേയം** – കോളേജ് അദ്ധ്യാപകർക്ക് പ്രൊഫസർഷിപ്പ് തസ്തിക അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നതിനോടൊപ്പം അദ്ധ്യാപകർക്ക് പ്രൊഫസർഷിപ്പിന് അപേക്ഷിക്കുവാൻ ഒരു പ്രൊഫോർമ കൂടി തയ്യാറാക്കി നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.97 പ്രമേയാവതാരക തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

അടിയന്തിര പ്രമേയം

6.98 ശ്രീമതി. സോന പി അടിയന്തിര പ്രമേയം അവതരിപ്പിച്ചു.

6.99 ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനും, സർവ്വകലാശാല നിയമ പരിഷ്കരണത്തിനും, പരീക്ഷാ മൂല്യ നിർണ്ണയ പരിഷ്കാരത്തിനും വേണ്ടി മൂന്ന് കമ്മീഷനുകളെ നിയോഗിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി സവിശേഷ ശ്രദ്ധ പുലർത്തുന്ന കേരള സർക്കാരിനെ കണ്ണൂർ സർവ്വകലാശാല സെനറ്റ് യോഗം ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ലോകത്തിന് തന്നെ മാതൃകയാക്കുന്ന വിധത്തിൽ കാലോചിതമായി പരിഷ്കരിക്കുന്നതിന് കേരള സർക്കാർ നടത്തുന്ന ഈ

അക്കാദമിക് ചുവടുവെപ്പിനൊപ്പം നിന്ന് കൊണ്ട് കണ്ണൂർ സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരും മറ്റ് വിദ്യാഭ്യാസ തൽപ്പരരും ആവശ്യമായ നിർദ്ദേശങ്ങൾ മൂന്ന് കമ്മീഷനുകൾക്കും നൽകി ഈ ജനകീയ വിദ്യാഭ്യാസ പരിഷ്കാരത്തെ കൂടുതൽ സാമൂഹ്യ വൽക്കരിക്കണമെന്നും ജനാധിപത്യ വൽക്കരിക്കണമെന്നും ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

6.100 പ്രമേയം സഭ അംഗീകരിച്ചു.

6.101 12.40 മണിക്ക് യോഗം പിരിഞ്ഞു.

Vice Chancellor Ci/c